# പതിമൂന്നാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5766 — 02/07/2014 - ൽ മറുപടിക്ക്

## ഇ.എസ്.ഐ.ഡോക്ടർമാരുടെ പെൻഷൻ പ്രായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |

എ) സംസ്ഥാനത്ത് ഇ.എസ്.ഐ ഡോക്ടർമാരുടെ എത്ര ഒഴിവുകളാണുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

എ)

| ജില്ല | | ഒഴിവുകൾ |
|---|---|---|
| തിരുവനന്തപുരം | - | 1 |
| കൊല്ലം | - | 26 |
| കോട്ടയം | - | 3 |
| പത്തനംതിട്ട | - | 3 |
| ആലപ്പുഴ | - | 18 |
| എറണാകുളം | - | 4 |
| തൃശ്ശൂർ | - | 22 |
| പാലക്കാട് | - | 22 |
| കോഴിക്കോട് | - | 5 |
| കണ്ണൂർ | - | 14 |
| കാസർഗോഡ് | - | 1 |
| ആകെ | | 119 |

ബി) ഇ.എസ്.ഐ ഡോക്ടർമാരുടെ പെൻഷൻ പ്രായം ഉയർത്താൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

സി) പെൻഷൻ പ്രായം ഉയർത്തുന്നതിന് നിലവിൽ തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?.

ബി) & സി) 27/06/2014-ലെ സ.ഉ.(കൈ)നം.74/2014/ തൊഴിൽ പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ അലോപ്പതി വിഭാഗം ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസ്സായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും പുനരധിവാസവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അലോപ്പതി വിഭാഗം ഡോക്ടർമാരുടെ വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും പുനരധിവാസവും (എഫ്) വകുപ്പ്

സ.ഉ.(കൈ)നം.74/2014/തൊഴിൽ. തിരുവനന്തപുരം, തീയതി:27-06-2014

---

പരാമർശം:-1. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 21/02/2014-ലെ ബി2-4869/2011/ഡി.ഐ.എം.എസ് നമ്പർ കത്ത്.

2. സ.ഉ(കൈ)നം.31/2014/തൊഴിൽ, തീയതി 26/02/2014.

**<u>ഉത്തരവ്</u>**

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസ്സാക്കി ഉയർത്തണമെന്ന് പരാമർശം ഒന്നിലെ കത്ത് പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു. ടി വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻപ്രായം 2014 മാർച്ച് 1 മുതൽ 58 വയസ്സായി ഉയർത്തിക്കൊണ്ട് പരാമർശം രണ്ട് പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ തന്നെയും അലോപ്പതി വിഭാഗം ഡോക്ടർമാരുടെ ദൗർലഭ്യം അനുഭവപ്പെടുന്നുവെന്നും ഇ.എസ്.ഐ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനത്തെ അത് ദോഷകരമായി ബാധിക്കുകയും അതുവഴി ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട മെഡിക്കൽ സേവനം ലഭ്യമാക്കുവാൻ കഴിയാതെ വരികയും ചെയ്യും എന്നും ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുവാൻ പി.എസ്.സി ലിസ്റ്റ് നിലവിലില്ല.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിൽ ഇപ്പോൾ നിലനിൽക്കുന്ന ഡോക്ടർമാരുടെ രൂക്ഷമായ ദൗർലഭ്യം കണക്കിലെടുത്ത് ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ അലോപ്പതി വിഭാഗം ഡോക്ടർമാരുടെ വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തിക്കൊണ്ട് സർക്കാർ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ടോംജോസ്

പ്രിൻസിപ്പൽ സെക്രട്ടറി.

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്/ഡി.ബി.സെൽ) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ 5432,തീയതി 25/06/2014)
ധനകാര്യ വകുപ്പ് (18/06/2014-ലെ U.O.No. 41871/H&L-B1/14/Fin. പ്രകാരം)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ